(ബി&സി) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 2005 കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവരികയും പ്രസ്തുത നിയമത്തിലെ 17(1) വകുപ്പുപ്രകാരം സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കുകയും കൂടാതെ ജുവനൈൽ ജസ്റ്റിസ് ആക്ട്, ജുവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ സംവിധാനങ്ങളായ ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനത്തിലൂടെ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കുനേരെയുള്ള ലൈംഗിക അതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം തുടങ്ങിയ പ്രവൃത്തികൾ, കുട്ടികളുടെ അവകാശലംഘനത്തിനും നിഷേധത്തിനും കാരണമാകുന്ന ഘടകങ്ങളെന്ന നിലയിൽ അവയ്ക്കെതിരെ കമ്മീഷൻ പരാതികളുടെ അടിസ്ഥാനത്തിലും സ്വമേധയും നടപടി സ്വീകരിക്കുകയും ആവശ്യമായ ശിപാർശകൾ സർക്കാരിനും മറ്റ് അധികാര സ്ഥാപനങ്ങൾക്കും നൽകി വരുന്നുമുണ്ട്. കൂടാതെ ഈ വിഷയങ്ങളെ അധികരിച്ച് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചകൾ എന്നിവ നടത്തുകയും കൈപുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതുവഴി പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അങ്കണവാടി വർക്കർമാരുടെ ഓണറേറിയം

292 (3499) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിലെ വർക്കർമാരുടെ ഓണറേറിയം 2016 ജനുവരി മുതൽ 10000 (പതിനായിരം) രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(ബി) ഇതിനായുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ടി ജീവനക്കാരുടെ ഓണറേറിയത്തിലെ തദ്ദേശഭരണ വിഹിതം വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ശിപാർശ അനന്തരനടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിരിക്കുകയാണ്.

(3288, 3333, 3346, 3379, 3392 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly